# Govt. HSS AYAPARAMPU



2024

## Managing Editor

**Smt.Sreeni Krishnan**
**Headmistress**

## Chief Editor

**Anna Mariyam Koshy**

## *Editorial Board*

**Hasna**
**Nirupama**
**Prarthana**
**Abhijith**
**Adhithyan**

## *Our Guides*

**Smt.Hemalatha.P**
**Smt. Suja Thomas**

# ഇതളുകളിൽ

| | | |
|---|---|---|
| 1 | മുഖവചനം | 4 |
| 2 | മുഖമൊഴി | 5 |
| 3 | സ്കൂളിന്റെ ചരിത്രം | 11 |
| 4 | കുട്ടികളുടെ പ്രവർത്തനങ്ങൾ | 12-25 |
| 5 | അദ്ധ്യാപകരുടെ പ്രവർത്തനങ്ങൾ | 26-29 |
| 6 | മികവിന്റെ നേർക്കാഴ്ചകൾ | 30-33 |
| 7 | ചിത്രഗ്യാലറി | 34-39 |
| 8 | സ്കൂൾ മികവുകൾ | 40-46 |
| 9 | നന്ദി | 47 |

# മുഖവചനം

ഇതു പുണ്യ നിമിഷം.................
ഇതു ധന്യനിമിഷം.................

ആയാപറമ്പ് ഹൈസ്കൂളിന്റെ തലപ്പാവിൽ
അഭിമാനാർഹമായ ഒരു പൊൻതൂവൽക്കൂടി.

ലിറ്റിൽ കൈറ്റ്സിലെ കൊച്ചുകൂട്ടുകാരുടെ
സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും
സുഗന്ധവാഹികളായ വാക്കുകളിൽ കോറിയിട്ടതാണ്
" നുറുങ്ങുവെട്ടം "

അവരുടെ സത്യാന്വേഷണങ്ങളുടെ
നേർകാഴ്ച്ചകൾ...........

വഴുക്കൻ ഭൂമിയിൽ നിലയുറപ്പിക്കാൻ
കെൽപ്പുനൽകുന്ന

സർഗചൈതന്യമാണിത്..........

ഇതവരുടെ രക്തവും മാംസവുമാണ്.........

ഇതെടുത്തുകൊൾക..................



ഹൃദയപൂർവം
അന്ന മറിയം കോശി









# മുഖമൊഴി

പ്രിയ little kites കുട്ടികളെ,
സ്ക്കൂളിന്റെ
പ്രവർത്തന പാതയിൽ
സജീവമായി നിൽക്കുന്നതാണ്
നമ്മുടെ IT മേഖല .
ഈ മേഖലയെ സമ്പുഷ്ടമാക്കുന്നതാവട്ടെ
നിങ്ങളും.

ആർ ട്ടിഫിഷ്യൽ ഇൻറലിജെൻസിന്റെ
ഈ കാലഘട്ടത്തിൽ
സാങ്കേതിക രംഗങ്ങളിൽ
ഒട്ടും പിന്നോട്ട് പോകാതെ
മറ്റേതൊരു വിദ്യാലയത്തിലെ
കുട്ടികളെക്കാൾ
ഒരുപടിയെങ്കിലും മുന്നിലെത്താൻ
Little Kites
പ്രവർത്തനങ്ങൾ
നിങ്ങളെ സഹായിക്കട്ടെ .

നിങ്ങളുടെ പ്രവർത്തന നേട്ടമായ

" നറുങ്ങുവെട്ടം "

ഡിജിറ്റൽ മാഗസിന്
എല്ലാവിധ ആശംസകളും
അർപ്പിക്കുന്നു.
സ്നേഹാദരങ്ങളോടെ......

നിങ്ങളുടെ,
H.M ശ്രീനിടീച്ചർ





# message

My dear little kites....

I am very happy to know about the preparation of souvenir by little kites of the school. No doubt, it will be develop imagination power, creation of literary work, editing skill and its computer related abilities to the students. I wishing the group of create a memorable work with colourful and blossoming articles.

Your's

Easwaran Nampoothiri





# Our Kite Mistress



**Smt.Hemalatha.P**



**Smt. Suja Thomas**



**Chief Editor**

**Anna Mariyam Koshy**

# ആശംസകൾ



ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മ ആയ 'ലിറ്റിൽ കൈറ്റ്സ് ' നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നതിൽ അഭിമാനിക്കുന്നു . തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഈ സ്കൂൾ ഹൈടെക്ക് വിദ്യാലയമായി എന്നതിന്റെ തെളിവാണ് 'ലിറ്റിൽ കൈറ്റ്സ് '. അനിമേഷൻ, പ്രോഗ്രാമിംഗ്, ഗ്രാഫിക്ക് ഡിസൈനിംഗ്, മലയാളം കമ്പ്യൂട്ടിംഗ്, ഇലക്ട്രോണിക്സ്, സൈബർ സുരക്ഷ എന്നിവയിൽ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ. നമ്മുടെ സ്കൂളിൽ ഡിജിറ്റലായി പ്രസിദ്ധീകരിക്കുന്ന 'ലിറ്റിൽ കൈറ്റ്സ് ' മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു , ഒപ്പം ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന ബഹുമാന്യരായ ഹെഡ്മിസ്ട്രസ്, അദ്ധ്യാപകർ, അനദ്ധ്യാപകർ,വിദ്യാർത്ഥികൾ ഏവർക്കും അഭിനന്ദനങ്ങൾ .....

സ്നേഹപൂർവം

സേതുമാധവൻ ആർ
PTA President



# Staff Members



Sri . PUNNOOR GOPALA PILLAI

Who was instrumental in upgrading
the Institution as High school in 1969

# ആയാപറമ്പ്
# ഗവ:ഹയർ സെക്കന്ററി സ്കൂൾ



സ്കൂളിന്റെ ചരിത്രത്തിലേക്ക് കണ്ണോടിച്ചാൽ നിരവധി പ്രഗത്ഭരായ അധ്യാപകർ നേതൃത്വം കൊടുത്തു ലോകപ്രശസ്തരായ കലാകായിക പ്രതിഭകളെയും വ്യക്തിത്വങ്ങളും നാടിന് സമ്മാനിക്കുവാൻ സാധിച്ച ഒരു വിദ്യാലയം ആണിത് . നമ്മുടെ സ്കൂളിലെ ആദ്യ മാസ്റ്ററായിരുന്ന ശ്രീ നാരായണ പിള്ള സാർ , നാഷണൽ സർവീസ് സ്കീന്റെ മികച്ച പ്രോഗ്രാം ഓഫീസർക്കുള്ള രാഷ്ട്രപതിയുടെ പുരസ്കാരം എന്ന അഭിമാനനേട്ടം അധ്യാപകനായ ശ്രീ ബിജു സാറിലൂടെ നമുക്ക് ലഭിച്ചിട്ടുണ്ട് .ധാരാളം പ്രതിഭാധനൻമാർക്ക് ജന്മം നൽകിയ നാടാണ് ആയാപറമ്പ് .

വിഷഹാരി സംസ്കൃത മലയാള ഭാഷാ പണ്ഡിതൻ വിദ്വാനും ആയിരുന്ന തലിയിൽ ശ്രീ രാമ രാമ പണിക്കർ കഥാപ്രസംഗത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച പരേതനായ ശ്രീ ആർ കെ കൊട്ടാരത്തിൽ കായിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഒളിമ്പ്യൻ അനിൽകുമാർ , സിവിൽ സർവീസിൽ നേട്ടം കൈവരിച്ച മിഥുൻ ടി ആർ (ഐ എഫ് എസ് ) ഇവരൊക്കെ തന്നെ നമുക്ക് അഭിമാനിക്കാനും മാതൃകയാക്കാനും ഉള്ളവരാണ്.അരിപ്പുകരയുടെ ഓർമ്മപുസ്തകം എന്ന് ഒരു നോവൽ പൂർവ്വ വിദ്യാർത്ഥിയായ ശ്രീദേവി ശിവദാസ് രചിച്ചിട്ടുണ്ട് സ്കൂളിൽ ആലിൻചുവട് ജംഗ്ഷനിൽ കാണപ്പെടുന്നഅഞ്ചൽ പെട്ടിയും ചുമടുതാങ്ങിയും ചരിത്രത്തിന് ശേഷിപ്പുകളാണ്.ഇങ്ങനെ ചരിത്രത്തിൻറെ ഏടുകളിൽ ആയാപറമ്പ് സ്കൂളിന്റെ നാമം കുറിയ്ക്കുവാൻ ,ആയാപറമ്പ് സ്കൂളിന്റെ ചരിത്രം വിളിച്ചു പറയുവാൻ , സത്യം വിളിച്ചു പറയുവാൻ ഇനിയും ഒരുപാട് ബാക്കിയുണ്ട് , അറിയാത്ത ചരിത്രങ്ങൾ ഞങ്ങൾ നമുക്ക് തിരുത്തി കൊണ്ടിരിക്കാം ഓരോ ഓരോ നിമിഷത്തിലും



# പെയ്തൊഴിയാതെ

ആകാശത്ത് നിന്നു വന്ന മഴയേ
മാനവർക്ക് സന്തോഷംനൽകും മഴയേ
അധികമായാൽ സങ്കടം തരുന്ന മഴയേ

പേമാരിയും പ്രളയവുമൊക്കെ വരുമ്പോൾ
മനുഷ്യരുടെ ഉള്ളിൽ വിങ്ങൽ വരുന്നു
വെള്ളത്തിലാണ്ടു പോയ വീടിനെയോർത്ത്
പലരും കൂട്ടംപോലെ ക്യാമ്പുകളിലേക്കും

പലരും മരണത്തെ മല്ലടിച്ചു
ചിലവർ അതിൽ തോറ്റുപോയി
പ്രളയത്തിൽ പൊലിഞ്ഞ ജീവനെയോർത്ത്
എന്റെ മനം മെല്ലേ വിങ്ങുന്നു





ASIF .N
9B





# അഗ്നിച്ചിറകുള്ള ചിത്രശലഭങ്ങൾ

സൂര്യൻ ഉദിച്ചുവരുന്ന സമയം. പ്രഭാതം സൂര്യരശ്മികളിൽ തിളങ്ങി. ജനാലയുടെ ഇടയിൽ കൂടി സൂര്യരശ്മികൾ മിന്നുവിന്റെ മുറിയിൽ കടന്നു. അവൾ കണ്ണുതുറന്നു. ആദ്യം തിരഞ്ഞത് അവളുടെ അമ്മയെ ആയിരുന്നു.

" അമ്മ ....... "എന്ന് വിളിച്ചുകൊണ്ട് അവൾ അടുക്കളപ്പുറത്തേക്കോടി.

" എന്താ മിന്നു, ഈ രാവിലെ ഒച്ചവെച്ച് വരുന്നത് ?

നീ രാവിലെ സ്ക്രൂളിൽ പോകുന്നില്ലേ?" അമ്മ ചോദിച്ചു

"ഉണ്ടമ്മേ. ഞാനൊരു കാര്യം പറയാൻ വന്നതാ. ഞാനൊരു സ്പനം കണ്ടു "

"എന്തുസ്വപനം?" അമ്മചോദിച്ചു.

"അതു ഞാൻ സ്ക്രൂളിൽ നിന്ന് തിരികെ വരുമ്പോൾ പറയാം"

"ശരി, എന്നാൽ വേഗം സ്ക്രൂളിൽ പോകാൻ നോക്ക്. ഭക്ഷണം ഞാൻ മേശപ്പുറത്ത് വെച്ചിട്ടുണ്ട്, കേട്ടോ " അമ്മ പറഞ്ഞു.

" ങാ...!

അവൾ സ്ക്രൂളിൽ പോകാൻ തയ്യാറായി. സ്ക്രൂളിൽ എത്തിയിട്ടും താൻ കണ്ട സ്വപനത്തെപ്പറ്റി ചിന്തിച്ചുകൊണ്ടേയിരുന്നു. അവളുടെ കൂട്ടുകാർ ഒറ്റപ്പെടുത്തുകയും പരിഹസിക്കുകയും ചെയ്യുമെന്നതിനാൽ അവർ ചോദിച്ചിട്ടും അവൾ ഒന്നും പറഞ്ഞില്ല.അവൾക്ക് അതിൽ വളരെ അധികം സങ്കടം ഉണ്ട് എങ്കിൽ പോലും അവൾ അത് പുറത്ത് കാണിച്ചില്ല. സ്വന്തം കൂട്ടുകാർ അല്ലേ എന്ന് കരുതി. അങ്ങനെയുള്ള കൂട്ടുകാരോട് അവൾ കണ്ട സ്വപ്നത്തേപറ്റി പറഞ്ഞാൽ അവർ തീർച്ചയായും അവളെ പരിഹസിക്കും എന്ന് അവൾക്ക് അറിയാമായിരുന്നു. വലിയ നർത്തകിയായി മാറുന്നതാണ് അവൾ കണ്ട സ്വപ്നം.പക്ഷെ അവൾ നൃത്തം പഠിച്ചിട്ടില്ല. ആക്കാര്യം ആലോചിച്ച് അവൾ തിരികെ വീട്ടിലേക്ക് പോയി.

അന്നത്തെ സ്ക്രൂൾ ദിവസം എങ്ങനെ ഉണ്ടായിരുന്നുവെന്ന് അവൾക്ക് ഒരു ഓർമ്മമയുമില്ലായിരുന്നു. അവൾ ആ സ്വപ്നത്തിന്റെ പിന്നാലെയായിരുന്നു. അങ്ങനെ അമ്മയോടും വീട്ടിലുള്ളവരോടും , താൻ കണ്ട സ്വപ്നത്തെക്കുറിച്ച് പറഞ്ഞു. അച്ഛനും അമ്മയയും ഞെട്ടലോടെയിരുന്നു കേട്ടു. നാളിതുവരെ തങ്ങളുടെ മകൾ നൃത്തത്തെക്കുറിച്ച് ഒരു സൂചനയും തന്നിട്ടില്ല.

മകളുടെ ആഗ്രഹപൂർത്തീകരണത്തിനായി അച്ഛൻ അവളെ നൃത്തവിദ്യാലയത്തിൽ ചേർത്തു. നൃത്തവിദ്യാലയത്തിലെ അഭ്യസനം അവളെ നിപുണയാക്കി. നൃത്തച്ചുവടുകളും ഭാവപ്രകടനങ്ങളും അവളെ വ്യതിരിക്തയാക്കി. മികവുറ്റ നൃത്തകിയായ അവളുടെ പേരും പെരുമയും അതിർത്തികടന്നു. കൂട്ടുകാർ അവളെ അസൂയയോടെ നോക്കി കണ്ടു. അവൾ അതൊക്കെതൃണവത്ഗണിച്ചു. ഒരിക്കൽ എല്ലാവരും തന്നെ അംഗീകരിക്കും- അവൾ സമാധാനിച്ചു.



അച്ഛനോടൊപ്പം നൃത്തപരിപാടിയ്ക്കുള്ള യാത്രയ്ക്കിടയിൽ അവളുടെ വാഹനം അപകടത്തിൽപ്പെട്ടു. നീണ്ടനാളത്തെ ആശുപത്രിവാസവും ചികിത്സയും അവളെ മാനസികവും ശാരീരികവുമായി തളർത്തി. നാളുകൾക്ക് ശേഷം അവൾ ആ യാഥാർത്ഥ്യം തിരിച്ചറിഞ്ഞു- തന്റെ കാലുകളുടെ ചലനശേഷി നഷ്ടപ്പെട്ടുവെന്ന സത്യം. അവൾ തളരാത്ത മനസ്സോടെ ആ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടു. അവളുടെ മാതാപിതാക്കളും നാട്ടുകാരും സഹപാഠികളും അവളെ നെഞ്ചോടു ചേർത്തു. നെടുനാളത്തെ അശ്രാന്ത പരിശ്രമവും പരിശീലനവും അവളെ പതുക്കെ പതുക്കെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നു. അചഞ്ചലമായ മനസ്സും അടിപതറാത്ത ശരീരവും അവൾക്ക് അഗ്നിച്ചിറക്കുകളായി...... അനന്ത വിഹായസ്സിലേക്ക് പറന്നുയരാനുള്ള അഗ്നിച്ചിറകുകൾ..... മറ്റൊരു ഫിനിക്സ് പക്ഷിയായി ..........!!! അഗ്നിച്ചിറകുള്ള ചിത്രശലഭമായി...........!!!!!

ശ്രീനന്ദ 8C

# माँ



माँ ही हमारा जीवन है
जब भूख लगती हैं तो माँ की याद आती है
जब हम अकेले होते है तो माँ की याद
आती है
माँ हमारे लिए कुछ भी कर सकती है
हमारा पेट भरकर खुद भूखी रहती है
माँ ही हमारा भगवान है
माँ नहीं तो हम नहीं

कार्तिका राज
7 b



# കുഞ്ഞുമണിയും ചെമ്പനീർപ്പൂവും

ഒരിടത്തൊരിടത്ത് മനോഹരമായ ഒരു പൂന്തോട്ടം ഉണ്ടായിരുന്നു. പൂന്തോട്ടം നാനാതരത്തിലുള്ള ചെടികളാൽ അലംകൃതമായിരുന്നു. അവയിലെ സുന്ദരവും സുഗന്ധവുമുള്ള പൂക്കൾ നയനമനോഹരവും. ചെടികളിൽ ഏറ്റവും സുന്ദരിയായിരുന്ന ചെമ്പനീർ പൂച്ചെടി. ചെമ്പനീർപ്പൂവുകൾ കൊണ്ട് വളരെ മനോഹരമാണ് ചെമ്പനീർച്ചെടി. അതിൽ വന്നിരിക്കുന്ന പൂമ്പാറ്റ അവളെ കാണാനെന്ത് ഭംഗിയാണെന്ന് അത്ഭുതപ്പെട്ടു. അതുപോലെ ആ പൂന്തോട്ടത്തിന് ഏറ്റവും സൗന്ദര്യം നൽകിയിരുന്നതും ചെമ്പനീർ ചെടിയാണ്.കുഞ്ഞുമണി അവിടെ എന്നും വരും. അവൾക്ക് വളരെ ഇഷ്ടമാണ് പൂന്തോട്ടം. അങ്ങനെ ഒരു ദിവസം കുഞ്ഞുമണി പൂന്തോട്ടത്തിൽ ചെന്നു. അവളെ വളരെ വിഷമിപ്പിക്കുന്ന ഒരു കാര്യമായിരുന്നു ചെമ്പനീർച്ചെടി കഴിഞ്ഞു നിൽക്കുന്നത്. അവൾ അതിനെ പരിപാലിക്കാൻ തുടങ്ങി. പിറ്റേന്ന് രാവിലെ നോക്കിയപ്പോഴും ചെടി വാടി നിൽക്കുന്നു. അവൾക്ക് വളരെ വിഷമം തോന്നി. അവൾ ദൈവത്തോട് കരഞ്ഞു പറഞ്ഞു "ദൈവമേ എന്റെ ചെടിയെ നോക്കേണമേ". ദൈവം അവളുടെ പ്രാർത്ഥന കേട്ടതുപോലെ പിറ്റേദിവസം ചെമ്പനീർച്ചെടി നോക്കിയപ്പോൾ വളരെ ഭംഗിയുള്ള ചെമ്പനീർ ചെടിയാണ് കണ്ടത്. ദൈവമേ നീ എന്റെ പ്രാർത്ഥന കേട്ടു എന്റെ ചെമ്പനീർച്ചെടിയെ സംരക്ഷിച്ച നിനക്ക് നന്ദി....... അപ്പോൾ ഒരു ശബ്ദം കേട്ട് അവൾ ഞെട്ടി ! ദൈവത്തിന്റെ വചനങ്ങൾ പോലെ - "ഒരിക്കലും എന്റെ കാരുണ്യം കൊണ്ടല്ല, നീ അതിനെ അത്രമാത്രം സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്ത സൽകർമ്മം കൊണ്ടാണ് ,ചെമ്പനീർ പൂവ് തളിർത്ത്, വീണ്ടും പൂത്തത്. നമ്മൾ ചെയ്യുന്ന കാര്യങ്ങൾ നല്ലതായാലും ചീത്തയായാലും നമ്മൾ തന്നെ അനുഭവിക്കണം. നിന്റെ സൽകർമ്മം കൊണ്ടാണ് അല്ലാതെ എന്നെ കാരുണ്യം അല്ല".

ഗുണപാഠം: നമ്മൾ ചെയ്യുന്ന കാര്യങ്ങൾ പോലെയായിരിക്കും നമുക്ക് കിട്ടുന്ന ഫലവും

വിസ്മയ പ്രേം ലാൽ
5B

# രേവതിയുടെ സ്വപ്നങ്ങൾ



നന്ദന ആർ
9 B

14 വയസ്സുകാരിയായ രേവതി, അച്ഛനും അമ്മയും കൊച്ചനുജനും അടങ്ങുന്ന ചെറിയ കുടുംബത്തിൻറെ സ്വപ്നവും പ്രതീക്ഷയും ആയിരുന്നു . ജീവിതത്തിന്റെ എല്ലാ കുഞ്ഞു കുഞ്ഞു നിമിഷങ്ങളും അവൾ ആസ്വദിച്ചിരുന്നു. അങ്ങനെയിരിക്കെ പരീക്ഷയിൽ ഒന്നാം സ്ഥാനത്ത് എത്തിയ അവൾക്ക് അച്ഛൻ ഒരു മൊബൈൽ ഫോൺ സമ്മാനിച്ചു .അതോടെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഉയർന്നു പറന്ന അവളുടെ ചിറകുകൾ തളരാൻ തുടങ്ങി.മൊബൈൽ ഫോണിന്റെ മായികലോകം അവളെ സ്വന്തം മാതാപിതാക്കളിൽ നിന്നുപോലും അകറ്റി. അവൾ തെറ്റുകളിൽ നിന്ന് തെറ്റുകളിലേക്ക് വഴുതിവീണുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ സ്ക്കൂളിൽ നടത്തിയ ബോധവൽക്കരണ ക്ലാസ്, അവളുടെ ജീവിതത്തിൽ വഴിത്തിരിവായി. അധ്യാപകരുടെ സ്നേഹോപദേശങ്ങളും കൗൺസിലിംഗും അവളിൽ മാറ്റങ്ങൾ വരുത്തി. അവൾ പതിയെ തന്റെ പഴയ സ്വപ്നങ്ങളിലേക്ക് പറന്നുയർന്നു.





# ദേഷ്യക്കാരി കുഞ്ഞമ്മ

(ഫലിത കവിത )

എന്റെ വീട്ടിലുണ്ടൊരു കുഞ്ഞമ്മ
ദേഷ്യക്കാരി കുഞ്ഞമ്മ
എന്തുപറഞ്ഞാലും കോപിക്കും
ദേഷ്യക്കാരി കുഞ്ഞമ്മ

എന്ത്ചെയ്താലും കോപിക്കും
ദേഷ്യക്കാരി കുഞ്ഞമ്മ

എന്റെ അച്ഛനെ കണ്ടാൽ മിണ്ടൂല്ല
എന്റെ അമ്മേ ഒട്ടും കണ്ടൂടാ

തണ്ട്യക്കാരി കുഞ്ഞമ്മ
ഒരു തണ്ട്യക്കാരി കുഞ്ഞമ്മ

നിഖിത ആർ
IX A



# ഗാന്ധിജിയുടെ വീട്

ഗാന്ധിജിയെ കാണാൻ പലയിടത്തും നിന്ന് ആളുകൾ വരുമായിരുന്നു ഒരിക്കൽ ഒരു കുട്ടി ഗാന്ധിജിയെ കാണാൻ എത്തി .തണുപ്പ് കാലമായിരുന്നു അത് .ഷർട്ട് ഇടാതിരുന്ന ഗാന്ധിജിയെ കണ്ടപ്പോൾ കുട്ടിക്ക് തോന്നി പാവം അപ്പൂപ്പൻ അദ്ദേഹത്തിന് നന്നായി തണുക്കില്ലേ .അവൻ പതുക്കെ ഗാന്ധിജിയുടെ അടുത്ത് വന്നു എന്നിട്ട് ചോദിച്ചു അപ്പൂപ്പൻ എന്താണ് ഷർട്ട് ഇടാത്തത് തണുക്കുകയില്ലേ. അപ്പോൾ ഗാന്ധിജി പറഞ്ഞു അത് വാങ്ങാനുള്ള പണം എന്റെ പക്കൽ ഇല്ല .കുഞ്ഞ് കുട്ടിക്ക് സങ്കടമായി .കുറച്ചുനേരം ആലോചിച്ചിട്ടു അവൻ ഗാന്ധിജിയോട് പറഞ്ഞു എന്റെ അമ്മ നന്നായി കുപ്പായങ്ങൾ തുന്നും എന്റെ കുപ്പായങ്ങൾ എല്ലാം അമ്മ തുന്നുന്നതാണ് അമ്മയോട് പറഞ്ഞു ഞാൻ ബാപ്പുവിന് കുപ്പായം തുന്നിച്ചു തരാം. ഇതുകേട്ട് ഗാന്ധിജി ചിരിച്ചുകൊണ്ട് ചോദിച്ചു എനിക്ക് എത്ര കുപ്പായങ്ങൾ തരും ഒന്ന് രണ്ട് മൂന്ന് കുട്ടി വിരലുകൾ നിവർത്തി ചോദിച്ചു പോരല്ലോ എന്റേത് വലിയൊരു വീടാണ്. അവിടെ കുപ്പായം ഇല്ലാത്ത ഒരുപാട് ആളുകൾ ഉണ്ട് അവരാരും കുപ്പായം ഇടാത്തപ്പോൾ ഞാൻ മാത്രം എങ്ങനെ കുപ്പായം ഇട്ടു നടക്കും. ഗാന്ധിജി ചോദിച്ചു ബാപ്പുവിന്റെ വീട് ഏതാണ്? കുട്ടി ചോദിച്ചു ഇന്ത്യയാണ് എന്റെ വീട്. അവിടുത്തെ പാവങ്ങളായ ആളുകളെല്ലാം എന്റെ കുടുംബാംഗങ്ങളാണ് .ഗാന്ധിജി പറഞ്ഞു. അതുകേട്ട കുട്ടിക്ക് സന്തോഷമായി കുട്ടി പറഞ്ഞു ഞാൻ എന്റെ അമ്മയുടെ അടുത്ത് പറഞ്ഞു കുപ്പായം എല്ലാവർക്കും തുന്നി തരാം നിന്റെ അമ്മ എല്ലാവർക്കും കുപ്പായം തുന്നി കൊടുക്കുമോ .കൊടുക്കും .ഗാന്ധിജിക്ക് വളരെയധികം സന്തോഷമായി.



Muhammed Asif A
Std V-A

# അമ്മ



മലയാള ഭാഷയിലെ ഏറ്റവും സുന്ദരമായ വാക്ക് ഏതാണെന്നു ചോദിച്ചാൽ കൂടുതൽ പേരും നൽകുന്ന ഉത്തരം ' അമ്മ ' എന്നായിരിക്കും .'അമ്മ ഒരു സത്യവും അച്ഛൻ ഒരു വിശ്വാസവുമാണ് 'എന്ന ചൊല്ല് തന്നെ അമ്മയുടെ പ്രധാന്യം വ്യക്തമാക്കുന്നുണ്ട്. ആദ്യം കണ്ണിൽ കണ്ട ആൾ , ആദ്യം വൈകാരികമായി മനസ്സിലാക്കുന്നയാൾ, ഇഷ്ടങ്ങളും ഇഷ്ടക്കേടുകളും ആദ്യം കണ്ടറിഞ്ഞ  ആൾ... അങ്ങനെയങ്ങനെ ഓരോരുത്തർക്കും നിരവധി കാര്യങ്ങളായിരിക്കും അമ്മയെ കുറിച്ച് പറയാനുണ്ടാവുക. എല്ലാവർക്കും എന്നപോലെ എനിക്കും എന്റെ അമ്മയെ ജീവനാണ്. കവിളിൽ കിട്ടിയ ആദ്യത്തെ പൊൻമുത്തവും ആദ്യമായി കേട്ട താരാട്ടുപാട്ടും ആദ്യരുചിയായി നാവിലൂടെ അലിഞ്ഞിറങ്ങിയ അമ്മിഞ്ഞപ്പാലുമെല്ലാം അമ്മയുടെ സ്നേഹമായായിരുന്നു. ഏതൊരു വ്യക്തിയുടെയും ആദ്യത്തെ ഗുരുവും അമ്മയായിരിക്കും. എവിടെയൊക്കെ എങ്ങനെയെല്ലാം പെരുമാറണമെന്ന് പഠിപ്പിച്ചതും അമ്മയാണ്. ആത്മവിശ്വാസം എന്ന വാക്കിന്റെ ആൾരൂപമാണെന്റെ അമ്മ . നിരവധി പ്രതിസന്ധികൾക്കിടയിലും തളരാതെ കുടുംബത്തിനൊപ്പം നിന്ന ധീര .
മുഖത്ത് ഒരു പുഞ്ചിരിയോടെ അല്ലാതെ ഞാനെന്റെ അമ്മയെ  കണ്ടിട്ടില്ല. ദൈവം എനിക്കു തന്നെ വിലപ്പെട്ട  സമ്മാനമാണ് അമ്മ. ദൈവസന്നിധിയിലെ നിലവിളക്ക് പോലെ ഞാനെന്റെ അമ്മയെ സംരക്ഷിക്കും.

നന്ദന ഓമനക്കുട്ടൻ
൯ .ബി





# പടിയിറങ്ങുന്ന നീ

പടിയിറങ്ങുന്ന നീ പതിയ വിജ്ഞാന
വീഥിയിൽ ചേരുന്നും അറിയാതെ അകലുന്ന
വികലമാം വിരഹം വിതന്നു വിമൂകം.
ഇന്നീ വൈകിയ വേളയിൽ നിന്നോടൊത്തി-
രന്നേരസിച്ചുമദിച്ചനിനച്ചദിനങ്ങൾ എത്രയും
അരുമയാം നിമിഷങ്ങൾ അയവിറക്കാട്ടെ ഞാൻ

നീ ഇന്നും പോകിലുമെങ്കിലും നിന്നോർമ്മകൾ
മായാതെ മറയാതെ മനതാരിൽ നിറയുന്നു
പണ്ടാരോപാടിപ്പതിഞ്ഞ പഴങ്കഥപ്പാട്ടുക-
ളെല്ലാം മറന്നങ്ങു പോവുകയാണോ നീ.
അന്നാളിൽ നീ പാഠപുസ്തകത്താളിലൊളിപ്പിച്ച
മയിൽപ്പീലി ഇന്നും ഒന്നായിരിക്കുന്നു. !

മാനത്തെക്കോട്ടാതെ വച്ചിടിനാൽ രണ്ടായിത്തീരുമതെന്നോ
യമനിബോധത്തെ മത്തുപിടിപ്പിക്കും പരിഹാസമാകിലാ-
മത്രയും വർണ്ണശബളമാം ചേച്ചിതന്നോർമ്മകൾ
ഹൃദയത്തിൻതാളിൽ ഞാൻ സൂക്ഷിച്ചിടട്ടെ
അമ്മയിൽപ്പീലികളെന്നും ഒന്നായിരിക്കട്ടെ.

നാളെ നീ അവിടുത്തെ അഥിതിയായി അംഗമായി
മാറിടാമപ്പോഴും താണ്ടിയ വഴികൾ ഓർമ്മയിലിരിക്കട്ടെ,
തിരിഞ്ഞൊന്നും നോക്കുവാൻ ഓർക്കുവാനിനിട
യ്ക്കിടെ തോന്നട്ടെ പിന്നെയോ
പട്ടണത്തിലൊക്കെ രാത്രികളില്ലത്രേ!
വഴിവീചികൾപ്പോലും ഒച്ചയിട്ടുമത്രേ !
ഇരുളുന്ന വീഥികൾപ്പോലാം ഇല്ലത്രേ !
വീഥികൾ ഇരുളാതെ നോക്കണമെന്നത്രേ !

- അനുഷ്ക എസ്

X B



# പ്രണയ പൂക്കൾ

ഈ പ്രണയമാകുന്ന സാഗരം
ഹൃദയത്തിൽ തൊടുമ്പോൾ
ചൂടു കാറ്റു പോലും
കുളിർമഴയാകുന്നു
ആ കുളിരിൽ
പ്രണയത്തിൻറെ പൂമൊട്ടുകൾ വിടരുന്നു
ആ പൂമൊട്ടുകൾ
പൂവായി മാറി
വസന്തം പരത്തുന്നു
ഈ വസന്തം
രണ്ടു ഹൃദയങ്ങളുടെ
സംഗമം സംഗമമാണ്

നിവിത ആർ
൯ A



# माता

मेरी माँ, प्यारी माँ
मेरे दिल में रहती माँ
मेरी छोटी सी खुशी केलिए
सब कुछ सह जाती माँ
पूरी करती मेरी हर इच्छा
उनके जैसा न कोई अच्छा
सबसे मीठा बोल है माँ
सारे जग से प्यारी माँ
खुशियाँ सारी देती माँ
मेरी माँ प्यारी माँ
मेरे दिल में रहती माँ

अनन्या तिवारी, 7 B



# എന്റെ വസന്തം

---------------------------

എത്ര മനോഹരം ഈ വസന്തം
എത്ര മനോഹരം ഈ പൂക്കൾ
വസന്തത്തിൽ സ്വന്തമാം പൂക്കളേ
ക്ഷണിക്കുന്നു ഞാൻ നിങ്ങളെ
ധരിത്രിയിൽ നിറങ്ങൾ വിതറുവാൻ
പൂന്തേൻ ഊറുന്ന പൂക്കളേ
നിങ്ങളെത്തേടി എത്തുന്നിതാ വർണ്ണശഭളമാം ശലഭങ്ങൾ
തത്തിയെത്തുന്ന കാറ്റിൻ സുഗന്ധം കലർത്തുന്ന പൂക്കളേ
ഉന്മേഷഭരിതയാക്കൂ നിങ്ങളീ ഭൂമിയെ

പ്രാർത്ഥന ടി
IX B



# LOVE

A Little Kitty
A Little Kitty
Play with me

A Little  Butterfly
A Little Butterfly
Play with me

A Little Sister
A Little Sister
Come with me

Love love love Mom
Love love love Dad
Love love love Brother

AMAAL AyISHA M
IVA

# നേരറിവ്

ഇനിയിവിടെ ഞാനൊന്നു നില്ക്കട്ടെയൊരുനേര-
മാരുമീ വഴിയിലേക്കെത്തിടൊല്ലേ
ഇനിയിവിടെ ഞാനൊട്ടു നില്ക്കുമ്പൊഴെപ്പൊഴോ
അകതാരിലറിവിന്റെ നാളമെത്തും
എന്നുമറിയാതെ പോയൊരാ കാലമോർക്കും

ജനിമൃതികളില്ലാത്ത കാലമെത്തും എന്ന
കാർവർണ്ണ കല്പിത കാമനയിൽ
കരിനിഴൽ വീഴാത്ത ജീവന്റെയുൾത്തുടിപ്പ-
വിരാമ ശോഭയിൽ മുങ്ങിടുമ്പോൾ - എന്നും
അകതാരിലറിവിന്റെ നാളമായി .



ഒരു കുഞ്ഞ്ചുവിന്റെ ഇടറുന്ന ഗദ്ഗദം
ഇരുളിൽ നിന്നുയരുന്ന രാഗമായി
ഒരു മാത്രയിന്നേരമകതാരിലൊരി ചെറു
കനിവിന്റെ കാതലായി വന്നിടുമ്പോൾ-
എന്നു അറിവായി നിറവായി മാറിട്ടുമ്പോൾ

ഇനിയെന്നുമെന്നിലെ സ്നേഹമായി,കാരുണ്യ-
മഴകോടെ നീർത്തുന്ന ജ്വാലയായി
ഇനിയെന്നുമെന്നിലെ ജീവനായി താളമായി
അറിവാർന്നൊരാകാശ താരകമായി - എന്നും
ഭ്രമമെന്നിലിയലാത്ത ഭാനുവായി



ഇനിയൊന്നു വന്നിട്ടു ഗഹനമായീവഴിക്ക -
കലാതെയകലുന്ന ജ്ഞാനമേ നീ
ആദിയാം അദ്വൈതപാദങ്ങളിൽ വീണു
ചുംബിച്ചുണർത്തിയ പല്ലവംപോൽ എന്റെ
പാവന ഗന്ധവിജ്ഞാനമേ നീ.

അഖിൽ.വി.ചന്ദ്രൻ
hst മലയാളം

# ഓർമ്മയിലെ ഓണം





അനാമിക ഹരിപ്പാട്



ഓണപ്പൂവിളി
ഉയർന്നുവെന്നോ...
ഓമൽത്തുമ്പികൾ
പാറിയെന്നോ...
ഓർക്കുവാനേറെ-
പ്പഴമതൻ പൈതൃകം
തൂശനിലയിൽ വിളമ്പിവെച്ചു...

ഒരുമതൻ
സന്ദേശമേറ്റുവാങ്ങി
ഒരു വയൽപ്പക്ഷി വിരുന്നുവന്നു.

കദനത്തിൻ കഥയോതി
കർക്കിടകമേഘങ്ങൾ
,കാണാക്കയത്തി-
ലേക്കാഴ്ന്നുവെന്നോ?

കുടമുല്ലയെന്തിനോ
തിരുമുറ്റമാകവേ
കുടമാറ്റമാടി
ത്തിമർത്തുവെന്നോ...

കാവിലെ തുമ്പകൾ
കാറ്റിനോടൊപ്പമായ്
കഥകളിയാടി
സ്വയം മറന്നോ...

കാലം രചിച്ചൊരാ
മധുരമാം ഗീതികൾ
കാതരയാം
പക്ഷിയേറ്റുപാടി...

കനവുകളേറെ
കൊരുത്തൊരാ
കവിതകൾ
കസവുടുത്തെന്തിനോ
നൃത്തമാടി...

കൈയെത്തും ദൂരെയായ്
മാടിവിളിച്ചുവോ
കൊലുസണിഞ്ഞെത്തിയ
ബാല്യകാലം...

പാണന്റെ തുടികൊട്ടും
പാട്ടിലലിയുന്നു
പഴയ കോലായിലെ
ചെറുതേങ്ങലും...

പാലമൃതൂട്ടുവാൻ
പാലട വെയ്ക്കുന്നു
പാടവരമ്പിലെ അമ്മക്കിളി!


പാൽനിലാപ്പുഞ്ചിരി
തൂകിയൊരുത്രാടം
പാതിരാപ്പാൽക്കടൽ
താണ്ടിയെന്നോ?

പൊന്നിൻ
കസവുടുത്തെത്തി
തിരുവോണം
നന്മതൻ പൂക്കളം
നോക്കിനിന്നു...

സൗഹൃദവീഥികളേകിയ
നാട്ടോണം
സ്നേഹവുമുണ്ടു
പടിയിറങ്ങി...







# मेरा प्रियतम

बारिश मेरा प्रियतम आ रहा है ।

मेरा मन खुशी से भरा है

क्या वह मुझे देखने आया है?

कितने दिनों से मै उसकी इंतज़ार करती हुँ

वह एक ठंडी हवा के साथ आया है

उसकी मीठी आवाज़ सुनकर

मैं मुझे ही भूल गया हूँ

क्या हुआ है मुझे

क्या क्या सोचती हुँ मैं

प्रियतम आने पर

मैं सब  कुछ भूल गई हुँ

**Smt. GEETHU.S**
**HST HINDI**

# മികവിന്റെ നേർക്കാഴ്ചകൾ









ജൂനിയർ വിഭാഗം ബാഡ്മിന്റൺ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ ജി എച്ച് എസ് എസ് ആയാപറമ്പ് ടീം






സബ്ജൂനിയർ വിഭാഗം ബോൾബാഡ്മിന്റൺ മത്സരത്തിൽ
രണ്ടാം സ്ഥാനം നേടിയ
ജി എച്ച് എസ് എസ് അയപ്പറമ്പ് ടീം

# ചിത്രഗ്യാലറി








Gauri Nanda.J
5A








ശ്രീനന്ദ 7B




DAYA.cs






സ്കൂൾ
മികവുകൾ





# Little Kites



# Seed Club









SPC
















**SCHOOL SOCIAL SERVICE SCHEME**








# NSS



# JRC



അനന്യ തിവാരി

വിദ്യാരംഗം കലാസാഹിത്യവേദി
ജില്ലാതലം ഒന്നാം സ്ഥാനം



ആസിഫ് നൗഷാദ്

കുട്ടികർഷക അവാർഡ് ജേതാവ്
( ചെറുതന ഗ്രാമപഞ്ചായത്ത് & മാതൃഭൂമി സീഡ് ക്ലബ് )

# നന്ദി........

ഏറെ ശ്രമകരമായ
ദൗത്യമായിരുന്നു
ഞങ്ങളുടേത്.

എവിടെ തുടങ്ങണം ?...... എങ്ങനെ തുടങ്ങണം ?....
എവിടെ പൂർത്തീകരിക്കണം ? ..........

സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങൾ......
സഹായഹസ്തവുമായി എത്തിയവർ നിരവധി......

എല്ലാറ്റിനും മാർഗദീപം തെളിയിച്ച
ബഹു.എച്ച്.എം ശ്രീനി ടീച്ചർ, സുജടീച്ചർ,
മറ്റദ്ധ്യാപകർ, അനദ്ധ്യാപകർ, രചനകൾ തന്നു സഹായിച്ചവർ,
പ്രീയപ്പെട്ട കൂട്ടുകാർ ഇവർക്കെല്ലാവർക്കും നന്ദി......

കൂടാതെ ഈ ദൗത്യം എന്നെ ഏല്പിച്ച
ഹേമലത ടീച്ചറിനും നന്ദി.....

പൂർണ്ണത അവകാശപ്പെടുന്നില്ല......എങ്കിലും

" ഏറ്റവസ്തു തിരികെ കൊടുത്തപോ-
ലേറ്റവും തെളിമ പൂണ്ടിതെന്മനം"

നന്ദിപൂർവം
അന്ന മറിയം കോശി